LIBRARY ARCHIVES Kerala Legislative Assembly

പുറമ്പോക്ക് ഭൂമി

152 (7121) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നഗരസഭകളിലും കോർപ്പറേഷനിലും പഞ്ചായത്തുകളിലുമായി എത്ര പുറമ്പോക്ക് ഭൂമി ഇപ്പോൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുണ്ട് ; ഇവയുടെ വിസ്തൃതി സംബന്ധിച്ച ഏകദേശ തിരിച്ചുള്ള കണക്ക് കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ടി പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ ; ഇത്തരത്തിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നുള്ള വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഫ്ളാറ്റ് നിർമ്മാണ കമ്പനിയുടെ പുറമ്പോക്ക് ഭൂമി കൈയേറ്റം

153 (7122) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പാറ്റൂരിലെ പുറംമ്പോക്ക് ഭൂമി മുംബൈ കേന്ദ്രമാക്കിയുള്ള 'അമൃത് മാൾ' എന്ന സ്വകാര്യ ഫ്ളാറ്റ് നിർമ്മാണ കമ്പനികയ്യേറി ഫ്ളാറ്റ് നിർമ്മാണം ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുറമ്പോക്ക് ഭൂമിയിൽ ഫ്ളാറ്റ് നിർമ്മാണം നടത്തുവാൻ ആരാണ് അനുവാദം നൽകിയത് ;

(സി) ആമയിഴഞ്ചാൻ തോടുമായി ബന്ധപ്പെടുത്തിയിരിക്കുന്ന സീവറേജ് ലൈൻമാറ്റി സ്ഥാപിക്കാൻ ആരാണ് അനുവാദം നൽകിയത് ; ഈ സീവറേജ് ലൈനിന്റെവഴി തിരിച്ചുവിട്ടാൽ അഴുക്ക് ഒഴുകി പോകില്ലെന്ന ഉപദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ചട്ടവിരുദ്ധമായി പുറമ്പോക്കിൽ നിർമ്മാണം നടത്താൻ അനുമതി നടത്തിയവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കയ്യേറ്റം സംബന്ധിച്ച് വിശദമായ അന്വേഷണം നടന്നുവരുന്നു. റവന്യൂവകുപ്പിൽനിന്ന് അനുമതി നൽകിയിട്ടില്ല.